# M.J.S.S.A. വാർഷിക പരീക്ഷ 2021

**JSSLC** **Answerkey** **Marks 100**

**Note :** ചോദ്യപേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം

1. കൊരിന്ത്യർ 2. എ.ഡി. 30-70 3. തീമോത്തിയോസ് 4. 9 5. പ്രീസ്റ്റിലി 6. 1 തീമോത്തിയോസ്
7. സെപ്റ്റംബർ 14 8. 7, 9. ഫിലമോൻ 10. ഗലാത്യ **1x10=10**

11. ശലോമോൻ 12. പാലസ്തീനിലുള്ള യഹൂദ ക്രിസ്ത്യാനികൾക്കായി 13. അന്ത്യോഖ്യ 14. മോശ
15. ഫിലിപ്പ്യ 16. എത്യോപ്യൻ 17. 1 തെസ്സലോനിക്യർ 18.വി. യാക്കോബിന്റെ ലേഖനം 19.വി.യോഹന്നാൻ
20. വി. പൗലോസ് **1x10=10**

21. ശരി 22. ശരി 23. ശരി 24. ശരി 25. തെറ്റ് 26. തെറ്റ് 27. ശരി 28. തെറ്റ് 29. തെറ്റ് 30. ശരി **1x10=10**

31. ജ്ഞാന 32. ഭാഗ്യവാൻ 33. പരിശുദ്ധി 34. യോക്കോബിന്റെ 35. മകൻ 36. ദൈവത്തിൽ 37. വേദശാസ്ത്രം
38. പരിശുദ്ധൻ 39. ക്രിസ്തു 40. ഭാവം **1x10=10**

41. മത്തായിയുടെ ദയറ 42. 90-ാം സങ്കീർത്തനം 43. സിൽവാനോസ് 44. സ്വർഗ്ഗീയ ജീവികൾ 45. ഫൂബി
46. മക്കദോനിയോസ് 47. സെലൂക്കസ് നിക്കേറ്റർ 48. എക്ലിസിയാസ്റ്റസ് 49. എ.ഡി.538 50. മക്കാബ്യർ
**1x10=10**

51. ആളത്വങ്ങൾ 52. അനാവരണം ചെയ്യുക 53. സാർവ്വത്രികം 54. സമാപനം 55. കെരൂബുകൾ
56. കുരിശടയാളം **1x6=6**

57. കർത്താവ് അബ്രാഹാമിനോട്, 58. മാലാഖ സ്ത്രീകളോട്
59. യേശു പിതാവിനോട് / (പിതാവാം ദൈവത്തോട്) **2x3=6**

60. ''സകല പ്രഭുത്വങ്ങൾക്കും അധികാരങ്ങൾക്കും തലയായിരിക്കുന്നവനാൽ നിങ്ങൾ പൂർണ്ണരാക്കപ്പെടുന്നു.''

(കൊലോസ്യർ 2:10 )

**61.** ''ആകയാൽ ആ ദിവസവും ആ സമയവും നിങ്ങൾക്കറിഞ്ഞുകൂടാത്തതിനാൽ നിങ്ങൾ ഉണർന്നിരിപ്പിൻ.''

(വി. മത്തായി. 25:13) **3x2= 6**

**ഖണ്ഡിക എഴുതുക (2 എണ്ണം)** **4x2= 8**

62. എ.ഡി. 325 ൽ എഷ്യാമൈനറിലെ നിഖ്യാ നഗരത്തിൽ വിളിച്ചുകൂട്ടിയ ആദ്യത്തെ സാർവ്വത്രിക സുന്നഹദോസാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി 318 മേല്പട്ടക്കാർ സുന്നഹദോസ് സമ്മേളനങ്ങളിൽ സംബന്ധിച്ചു. അന്ത്യോഖ്യായിലെ മോർ ഒസ്താത്തെവോസ് പാത്രിയർക്കീസാണ് മിക്ക സമ്മേളനങ്ങളിലും അദ്ധ്യക്ഷത വഹിച്ചത്. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിച്ച അറിയോസിന്റെ വേദവിപരീതത്തെ നിഖ്യാസുന്നഹദോസ് ശപിച്ചുതള്ളി. സത്യവിശ്വാസ സംരക്ഷണത്തിനായി ദൈവം എഴുന്നേൽപ്പിച്ചത് വി. അത്താനാസിയോസിനെ ആയിരുന്നു. പുത്രൻ തമ്പുരാൻ പിതാവിനോട് ഏക സാരാംശമുള്ളവനാണ് എന്ന വിശ്വാസസത്യം പ്രഖ്യാപിച്ചു. വേദവിപരീതികളുടെ മാമ്മോദീസാ സ്വീകാര്യമല്ലെന്നും, ഉയിർപ്പുപെരുന്നാൾ തീയതി മാത്രം കണക്കാക്കാതെ ഞായറാഴ്ചകളിൽ തന്നെ ആചരിക്കണമെന്നും തീരുമാനിച്ചു. (പേജ് 100)

**63.1.പിതാവിന്റെ മഹത്വത്തിൽ വരും.**

എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ വി.മാലാഖമാരോടുകൂടി വരുവാനിരിക്കുന്നു. (വി.മത്താ.16:27, 25:31, വി.മർക്കോ. 8:38, വി.ലൂക്കോ 9:26)

**2.വാനമേഘങ്ങളിൽ വരും**

മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടും കൂടി വാനമേഘങ്ങളിൽ വരും (വി.മത്താ.24:30, 26:64, വി.മർക്കോ.13:26, വി.ലൂക്കോ. 21:27)

**3.കള്ളനെപ്പോലെ വരും**

മോഷ്ടിക്കാൻ വരുന്ന കള്ളൻ മുൻകൂട്ടി അറിയിക്കാതെ പെട്ടെന്ന് വരുന്നതുപോലെ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് തികച്ചും അപ്രതീക്ഷിതമായിരിക്കും (1 തെസ്സലോനിക്യർ. 5:2)

**4.മാലാഖമാരുടെ അകമ്പടിയോടെ വരും (വി.മത്താ. 25:31)**

മനുഷ്യപുത്രൻ തന്റെ സകല വിശുദ്ധ മാലാഖമാരുമായി തന്റെ മഹത്വത്തിൽ വന്ന് മഹത്വ സിംഹാസനത്തിൽ ഇരിക്കും (പേജ് 73)

64. ഇതരകാനോനിക ഗ്രന്ഥങ്ങളിലെ മറ്റൊരു ജ്ഞാന ഗ്രന്ഥമാണിത്. പ്രഭാഷകൻ, എക്ലിസിയാറ്റിക്കസ് (Eclesiasticus),സിറാക്കിന്റെ ജ്ഞാനം എന്നെല്ലാം ഈ പുസ്തകം അറിയപ്പെടുന്നുണ്ട്. ബി.സി. 180 നോടടുത്ത് എഴുതപ്പെട്ടു. ബാർ ആസീറേ എന്നു വിളിക്കപ്പെടുന്ന യേശു ബർ ശെമവൂൻ ആണ് ഗ്രന്ഥകർത്താവ്. ഇദ്ദേഹം മക്കാബിയരുടെ കാലത്ത് ജീവിച്ചിരുന്നു. ജ്ഞാനമാണ് ഈ പുസ്തകത്തിലേയും പ്രധാന ചിന്താവിഷയം. ജ്ഞാനം ദൈവഭക്തിയിൽ അടങ്ങിയിരിക്കുന്നു എന്ന സന്ദേശമാണ് ഗ്രന്ഥകാരൻ നൽകുന്നത്. ഉള്ളടക്കത്തിൽ ഈ പുസ്തകം സദൃശവാക്യങ്ങളോട് സാമ്യമുണ്ട്. ഈ ഗ്രന്ഥം മുഴുവൻ ജീവസമ്പൂർണ്ണമാണെന്നും ഇതനുസരിച്ച് പ്രവർത്തിക്കുന്നവൻ ഭാഗ്യവാനാണെന്നും ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു. (1:22) (പേജ് 31)

65. ഗീതം പൂരിപ്പിക്കുക (ക്ലാസ്സ് 8, പേജ് 115 ) **6x1= 6**

ദൈവത്തിൻ പുത്രനെ മറിയാ-മുത്ഥാനത്തിൻ
ശേഷം തോട്ടക്കാരൻപോൽ കണ്ടാൾ തോട്ടത്തിൽ
'നീയെന്തിനു കരയുന്നാരെയാരായുന്നു' ?
എന്നതിനെൻ 'നാഥനെയവർകൊ-ണ്ടെങ്ങോ പോയെന്നാൾ'
താനവളെ- 'മറിയാമെ' യെന്നാൾ
ഓടിപ്പോ-യുടനവളറിയിച്ചാൾ
കർത്താവുത്ഥാനം ചെയ്തെ-ന്നാ ശ്ലീ-ഹന്മാരെ. ബാറെക്മോർ

66. പ്രാർത്ഥന - (ക്ലാസ്സ് 9 പേജ് 3) **8x1= 8**

മറിയാം പറഞ്ഞതെന്താൽ : എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനും ആയവൻ വലിയ കാര്യങ്ങളെ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നൻമാരെ വ്യർത്ഥമായി അയക്കുകയും ചെയ്തു. അവൻ നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേയ്ക്കും തന്റെ കരുണയെ ഓർത്തുകൊണ്ട് അവന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. ബാറക്മോർ.

**ഉപന്യാസം (ഒരെണ്ണം)** **10x1=10**

**ത്രീയേക ദൈവം**

ദൈവത്തെക്കുറിച്ച് പറയുമ്പോൾ ത്രിയേക ദൈവം എന്നാണ് പറയുന്നത്. അതായത് ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും. ഈ തത്വം പൂർണ്ണമായി ഉൾക്കൊള്ളുവാനോ മനസ്സിലാക്കാനോ മനുഷ്യന് കഴിയുകയില്ല. ഇത് യുക്തികൊണ്ടോ ബുദ്ധികൊണ്ടോ തെളിയിക്കാനും സാധ്യമല്ല. വിശ്വാസത്തിലൂടെ മാത്രമെ ദൈവത്തിന്റെ ഈ അത്ഭുത സ്വഭാവത്തെപ്പറ്റി അല്പമെങ്കിലും മനസ്സിലാക്കാൻ കഴിയുകയുള്ളു.

ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മുന്ന് ആളത്വങ്ങൾ അഥവാ ക്നൂമാകൾ ഉണ്ട്. ഈ മുന്ന് ക്നൂമാകളും ഒന്ന് മറ്റൊന്നിനേക്കാൾ വലുതോ ചെറുതോ ശക്തികൂടിയതോ ശക്തികുറഞ്ഞതോ അല്ല. സ്വഭാവത്തിലും സത്തയിലും യാതൊരു വ്യത്യാസവുമില്ലാതെ പരസ്പര വേർതിരിവിന്റെ യാതൊരു ലാഞ്ഛനയുമില്ലാതെ ഒന്നായി സ്ഥിതി ചെയ്യുന്നു. അതുകൊണ്ടാണ് ത്രിയേക ദൈവം എന്ന് പറയുന്നത്.

**ഒരു ഉദാഹരണം**

ഒരു സമഭുജ ത്രികോണമെടുക്കുക. സമഭുജമെന്നു പറഞ്ഞാൽ അതിന്റെ എല്ലാ വശങ്ങളും അല്പം പോലും വ്യത്യാസമില്ലാതെ തുല്യമായിരിക്കുന്നതാണ്. അതുപോലെയാണ് ത്രിയേക ദൈവത്തിലെ മൂന്ന് ആളത്വങ്ങളും. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹ എന്നിവർ തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്ന് പറഞ്ഞല്ലോ. ഈ മൂന്ന് ആളത്വങ്ങൾക്കും ഏക സ്വഭാവവും ഏക സാരാംശവുമാണ് ഉള്ളത്.

പിതാവ് എന്ന് പറയുന്നതിൽ നിന്നും പുത്രൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു എന്ന് തെറ്റിദ്ധരിക്കരുത്. പിതാവെന്ന് പറഞ്ഞാൽ പുത്രനും പരിശുദ്ധ റൂഹായും, പുത്രനെന്നു പറഞ്ഞാൽ

പിതാവും പരിശുദ്ധ റൂഹായും, പരി. റൂഹാ എന്നു പറഞ്ഞാൽ പിതാവും പുത്രനും കൂടിച്ചേർന്നതും ആകുന്നു. മറ്റ് രണ്ട് ആളത്വങ്ങളെ മാറ്റി നിർത്തിക്കൊണ്ട് മൂന്നാമതൊരു ആളത്വത്തെ മനസ്സിലാക്കാൻ സാധ്യമല്ല. താഴെപ്പറയുന്ന പ്രാർത്ഥനാ ഭാഗം ശ്രദ്ധിക്കുക, വി. സഭയുടെ പെന്തിക്കൊസ്തി ശുശ്രൂഷാക്രമത്തിലെ ഒരു സെദറായുടെ ആദ്യഭാഗത്തെ പ്രാർത്ഥനയാണിത്.

'അദൃശ്യനും അപ്രമേയനും അനാദ്യന്തനും അപരിമിതനുമായ ദൈവമേ ! നീ ഏകസാരാംശമായി അറിയപ്പെടുന്നു. മൂന്ന് വിശുദ്ധ ക്നൂമാകളായി വിവേചിക്കപ്പെടുകയും ചെയ്യുന്നു. സകല വിവേക പ്രകൃതികളും മൂന്ന് പ്രത്യേക ലക്ഷണങ്ങളോടുകൂടി നിന്നെക്കുറിച്ച് ഗ്രഹിക്കുന്നു. ഏക ദൈവമായ നീ മൂന്ന് വന്ദ്യ ക്നൂമാകളായി അറിയപ്പെടുന്നു. ശ്രേഷ്ഠമായ ഏക സാരാംശത്തോടും അനാദ്യന്തമായ ഏക സ്വഭാവത്തോടും കൂടി പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന മൂന്ന് പൂർണ്ണ ക്നൂമാകളടങ്ങിയ പരിപൂർണ്ണ ത്രിത്വമായ സത്യേക ദൈവമാകുന്നു.'

വി.സഭയുടെ ഈ പ്രാർത്ഥനയിൽ ത്രിത്വോപദേശം പൂർണ്ണമായും അടങ്ങിയിട്ടുണ്ട്. പെന്തിക്കൊസ്തി ക്രമത്തിലെ ആരംഭ പ്രുമിയോനിലെ പ്രാർത്ഥനയുടെ ഒരു ഭാഗം കൂടി ശ്രദ്ധിക്കുക.

''ദൈവം സ്വയം ഭുവും സ്വയം അറിയുന്നവനും സ്വയം പര്യാപ്തനുമാകുന്നു. അവൻ ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സകലത്തിന്റേയും സ്രഷ്ടാവും നിയന്താവുമാകുന്നു. ആരംഭമില്ലാത്തവനും അനന്തമായി നിലനിൽക്കുന്നവനും ആകുന്നു. അനാദ്യന്തവും അപ്രമേയവുമായ സ്വയം ഭൂവാകുന്നു. അവൻ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ഏകസ്വഭാവത്തോടും ഏക അധികാരത്തോടും ഏക മനസ്സോടും കൂടിയ സത്യേക ദൈവമാകുന്നു. ക്നൂമാ കൂടാതെ അവന് ഒരു നാമവുമില്ല. ഒരു ക്നൂമാ മറ്റൊരു ക്നൂമായേക്കാൾ ചെറുതോ പ്രായം കൂടിയതോ അല്ല. വലിപ്പത്തിലോ ചെറുപ്പത്തിലോ ക്നൂമാകൾക്ക് അന്തരമോ വ്യത്യാസമോ ഇല്ല. യാതൊരു ക്നൂമായും നാമവും അവന്റെ നിത്യതയിൽ നിന്ന് ചെറുതോ അന്യമോ അല്ല. പിതാവെന്നു പറഞ്ഞാൽ പുത്രനും റൂഹായും അവനിൽ നിന്നുള്ളവരാകുന്നു. പുത്രനെന്നു പറഞ്ഞാൽ പിതാവും റൂഹായും അവൻ മൂലമാകുന്നു അറിയപ്പെടുന്നത്. റൂഹായെന്നു പറഞ്ഞാൽ പിതാവും പുത്രനും അവനിൽ പൂർത്തിയായിരിക്കുന്നു. പിതാവ് ജനകനാകുന്നു, ജനിച്ചവനല്ല. പുത്രൻ ജനിച്ചവനാകുന്നു., ജനകനല്ല. പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് പുറപ്പെടുന്നവനും പുത്രനിൽ നിന്ന് എടുക്കുന്നവനും പിതാവിൽ സമ സ്വഭാവിയും തുല്യ നിത്യതയുള്ളവനുമാകുന്നു.'' ത്രിയേക ദൈവത്തെക്കുറിച്ച് ഇതിൽ കൂടുതലൊരു വിശദീകരണം ആവശ്യമില്ല.

ത്രിത്വം എന്നൊരു വാക്ക് വി. വേദപുസ്തകത്തിൽ ഇല്ല. എന്നാൽ ത്രിത്വത്തെ സൂചിപ്പിക്കുന്ന സന്ദർഭങ്ങൾ അനവധിയുണ്ട്. ഏതാനും ചിലത് താഴെ ചേർക്കുന്നു.

ആദ്യപുസ്തകം. 1:26 ''നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം നമുക്ക് മനുഷ്യനെ ഉണ്ടാക്കാം.''

വി.മത്തായി. 28:19 'ആകയാൽ നിങ്ങൾ പോയി സർവ്വജാതികളേയും ശിഷ്യപ്പെടുത്തുകയും പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുകയും ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം പ്രമാണിപ്പാൻ അവരെ പഠിപ്പിക്കുകയും ചെയ്യുവിൻ' വി. മത്തായി. 3:16-17 പുത്രന്റെ മാമ്മോദീസ സമയത്ത് പുത്രന്റെ ആളത്വം പിതാവിന്റെ ശബ്ദം പരി. റൂഹായുടെ ആവാസം (പ്രാവു രൂപത്തിൽ) എന്നിവ കാണാം. (പേജ് 77-80)

അല്ലെങ്കിൽ

**ക്രിസ്തുവും സങ്കീർത്തനങ്ങളും**

സങ്കീർത്തനങ്ങൾ എല്ലാം തന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ക്രിസ്തുവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

സങ്കീർത്തനങ്ങളിൽ ധാരാളം ഭാഗത്ത് മ്ശിഹായെക്കുറിച്ച് വ്യക്തമായും പലയിടങ്ങളിലും അവ്യക്തമായും സൂചിപ്പിക്കുന്നുണ്ട്. മ്ശിഹായെക്കുറിച്ചുള്ള സങ്കീർത്തനങ്ങളെ പൊതുവെ അഞ്ചു ഗണങ്ങളായിതിരിക്കാം. **1.മ്ശിഹായെപ്പറ്റി നേരിട്ട് ബന്ധിപ്പിക്കുന്നവ**

ഈ ഗണത്തിൽപ്പെട്ട സങ്കീർത്തനങ്ങൾ മ്ശിഹായെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു. ഉദാ. സങ്കീ. 34:20, സങ്കീ. 69:9

**2.മ്ശിഹായെപ്പറ്റി വ്യക്തമായി പ്രവചിക്കുന്നവ**

ഈ സങ്കീർത്തനങ്ങളിൽ സങ്കീർത്തനക്കാരൻ തന്റെ അനുഭവങ്ങളാണ് വിവരിക്കുന്നത്. എന്നാൽ ആത്യന്തികമായി സൂചിപ്പിക്കുന്നത് മ്ശിഹായിൽ നിറവേറ്റപ്പെടുന്ന കാര്യങ്ങളെപ്പറ്റിയാണ്. ഉദാ. സങ്കീ. 22:1 22:12, 22:16-18, 110:4

**3.മ്ശിഹായെപ്പറ്റി പരോക്ഷമായി പ്രവചിക്കുന്നവ**

ഈ സങ്കീർത്തനങ്ങൾ പ്രഥമദൃഷ്ട്യാ ഇസ്രായേലിലെ ഒരു ഭരണാധികാരിയെ, പ്രത്യേകിച്ചും ദാവിദു രാജാവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. എന്നാൽ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും നിറവേറ്റപ്പെടുന്നത് മ്ശിഹായിൽ ആണ്. ഉദാ. സങ്കീ. 2:1-2 , 45, 72:11.

**4.പുനരാഗമനത്തെപ്പറ്റി സൂചിപ്പിക്കുന്നവ**

ഈ പ്രവചനങ്ങൾ അന്ത്യന്യായവിധിയെക്കുറിച്ചും ദൈവം വാഴുന്ന പുതിയ ആകാശത്തേയും പുതിയ ഭൂമിയെ പറ്റിയും സൂചിപ്പിക്കുന്നവയാണ്. ഉദാ. സങ്കീ. 96:1,13, 98:3,8

**5.മ്ശിഹായിൽ പൂർത്തിയായ പ്രവചനങ്ങൾ**

സങ്കീർത്തനങ്ങളിൽ പറഞ്ഞിരിക്കുന്ന അനേകം പ്രവചനങ്ങൾ മ്ശിഹായിൽ പൂർത്തിയായിട്ടുണ്ട്. അവ എല്ലാം ഇവിടെ പറയുക സാധ്യമല്ല. ഏതാനും ചില ഉദാഹരണങ്ങൾ താഴെ പറയുന്നു. സങ്കീ. 2:6. ഇത് പൂർത്തിയായതായി വി. മത്തായി ശ്ലീഹാ പറയുന്നു. (വി.മത്തായി 3:17) സങ്കീ. 69:21. ഇത് പൂർത്തിയായതായി വി. മത്തായി എഴുതിയ സുവിശേഷത്തിൽ കാണാം. (വി.മത്താ. 27:34) (പേജ് 11,12)